# അനുഷ്ഠാനകലകളുടെ അന്തസ്സത്ത

കെ.ജി. പൗലോസ്

'കല' എന്ന ഏവർക്കും സുപരിചിതമായ സംസ്കൃതപദത്തിന്റെ അർത്ഥം അംശം, ഭാഗം എന്നൊക്കെയാണ്. ചന്ദ്രന്റെ കല എന്നിടത്ത് കൃത്യമായി ഈ അർത്ഥം ഗ്രഹിക്കാം. ചന്ദ്രകലയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ഇന്നത് ഒരു കലയാണെങ്കിൽ നാളെ രണ്ടംശം, മറ്റന്നാൾ മൂന്നംശം എന്നീ നിലയിൽ വളർന്ന് പൂർണ്ണരൂപത്തിലെത്തുന്നു. അംശമായിരിക്കുമ്പോൾതന്നെ പൂർണ്ണതയിലേക്കുള്ള പ്രയാണം എന്ന ആശയംകൂടി കല എന്ന പദം ഉൾക്കൊള്ളുന്നു. വർത്തുളമാണ് ഭാരതീയസങ്കൽപത്തിൽ പൂർണ്ണത. അതുകൊണ്ടാണ് കാലത്തെ നാം ചക്രമായി കണക്കാക്കുന്നത്. കാലചക്രം തിരിയുന്നു. നേർരേഖയിലല്ല കാലം കടന്നുപോകുന്നത്. ക്ലോക്കിൽ കാലത്തെ അളക്കാൻ മിനിറ്റിനും മണിക്കൂറിനുമൊക്കെ സൂചികളുണ്ട്. അവ കാലമല്ല, കാലസൂചകങ്ങളാണ്, മഹാകാലത്തിന്റെ ചെറിയ ചെറിയ കണങ്ങൾ. പൂർണ്ണതയെ ചക്രരൂപത്തിലാണ് സങ്കല്പിച്ചത്.

> പൂർണമദഃ പൂർണമിദം, പൂർണാത് പുർണമുദച്യതേ
> പൂർണസ്യ പൂർണമാദായ പൂർണമേവാവശിഷ്യതേ.

പൂർണ്ണതയിലേയ്ക്കുള്ള പ്രയാണമാണ് കല; നാം അപൂർണ്ണരാണെന്ന് നമുക്കറിയാം. അങ്ങെവിടെയോ പൂർണ്ണതയുണ്ടെന്ന് നാം സങ്കല്പിക്കുന്നു. അതിലേയ്ക്കെത്താനുള്ള മാനവചേതനയുടെ വെമ്പലുകളാണ് വിവിധ കലാരൂപങ്ങൾ പ്രകടിപ്പിക്കുന്നത്.

അനുഷ്ഠാനമെന്നതിന് ആചാരമെന്നാണർത്ഥം. പരമ്പരയായി ആചരിച്ചുവരുന്നവയാണവ. അവയുടെ അർത്ഥമെന്താണെന്ന് അറിയണമെന്നില്ല. 'എന്തുകൊണ്ട്', 'എന്തിന്' എന്നൊക്കെ ചോദിച്ചാൽ 'അങ്ങനെയാണ് പതിവ്' എന്നു മാത്രമേ മുതിർന്നവർ പറയൂ. ദേവാലയങ്ങളിൽ കാലാകാലങ്ങളായി ആചരിച്ചുപോരുന്ന കലാരൂപേണയുള്ള അനുഷ്ഠാനങ്ങളെയാണ് അനുഷ്ഠാനകലകൾ എന്ന് നാം വിളിക്കുന്നത്. രൂപത്തിലും ഭാവത്തിലും ലക്ഷ്യത്തിലും സുകുമാരകലകളിൽ നിന്നു ഇവയ്ക്ക് വ്യത്യാസമുണ്ട്. മാനവചേതനയുടെ പ്രാക്തനസ്മൃതികളിൽ നിറഞ്ഞുനിൽക്കുന്നത് അമ്മയാണ്. കുഞ്ഞ് നിസ്സഹായനാണ്. അമ്മയാണ് അവന്/അവൾക്ക് എല്ലാം. വിശക്കുമ്പോൾ വിളിക്കുന്നത് അമ്മയെയാണ്, പേടിക്കുമ്പോൾ ചുരുണ്ടുകൂടുന്നത് അമ്മയുടെ മടിയിലാണ്; രോഗം വന്നാൽ ശുശ്രൂഷിക്കുന്നതമ്മയാണ്. കൺതുറന്ന് ആദ്യരശ്മികളോടൊപ്പം കുഞ്ഞു കാണുന്നതും ഉള്ളിലേയ്ക്കാവാഹിക്കുന്നതും അമ്മയുടെ രൂപമാണ്. അതുകൊണ്ട്

എത്ര വലിയവന്റേയും സ്മരണകളിൽ മധുരംപുരട്ടുന്നത് അമ്മയാണ്. ശങ്കരാചാര്യരുടെ ഏറ്റവും വിശിഷ്ടകൃതി, വിലപ്പെട്ട ഭാഷ്യങ്ങൾക്ക് മുകളിൽ വെയ്ക്കാവുന്നത്, 'ആസ്താം താവദിയം പ്രസുതിസമയേ' എന്ന മാതൃസ്തുതിയാണ്.

വ്യക്തിക്ക് അമ്മ എന്ന സങ്കല്പത്തെ ഗ്രാമത്തിലെല്ലാവർക്കും ഒരമ്മ എന്ന് വികസിപ്പിക്കുമ്പോഴാണ് അമ്മദൈവങ്ങൾ ഉണ്ടാകുന്നത്. ഓരോ ഗ്രാമത്തെയും രക്ഷിക്കാൻ ഓരോ അമ്മമാർ നമുക്കുണ്ടായിരുന്നു. കാവിലമ്മയെന്നോ, ഭഗവതിയെന്നോ, കാളിയെന്നോ ഒക്കെ നാമവരെ വിളിച്ചിരുന്നു. മഴകിട്ടാതെ കൃഷിനശിക്കുമ്പോൾ— ബാധകളുണ്ടാകുമ്പോൾ പരിഹാരത്തിന് ഗ്രാമീണർ അമ്മയെ അഭയം പ്രാപിച്ചിരുന്നു. മകൾ ആദ്യമായി ഗർഭം ധരിക്കുമ്പോൾ, കുഞ്ഞിന് പനി വരുമ്പോഴൊക്കെ ആശ്രയം അമ്മയായിരുന്നു. അമ്മ അവരെ അനുഗ്രഹിച്ചിരുന്നു; പ്രശ്നങ്ങൾ പരിഹരിച്ചിരുന്നു. സ്നേഹസ്വരൂപിണി ആയിരുന്നെങ്കിലും ചിലപ്പോൾ അമ്മ ഉഗ്രകോപിണി ആകാറുണ്ട്. മറ്റുള്ളവർ ഗ്രാമത്തിന്റെ സ്വച്ഛതയെ നശിപ്പിക്കുമ്പൊഴോ, മക്കൾ തന്നെ വഴിതെറ്റുമ്പൊഴോ ആയിരുന്നു ഈ ഭാവമാറ്റം. അപ്പോഴൊക്കെ മക്കൾ കുറ്റബോധത്തോടെ അമ്മയുടെ അടുത്തെത്തി തെറ്റ് ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ചിരുന്നു.

അദൃശ്യയായ അമ്മ തന്റെ ഇച്ഛകൾ മക്കളെ അറിയിച്ചിരുന്നത് വെളിപാടുകളിലൂടെയായിരുന്നു. അതിന് നിയുക്തനായവനാണ് വെളിച്ചപ്പാട്. ഗ്രാമത്തിന്റെ കൺകണ്ട ദൈവം വെളിച്ചപ്പാടായിരുന്നു; അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ ആദ്യത്തെ കലാപ്രകടനങ്ങളും. ഇതിന്റെ തുടർച്ചയാണ് പലവിധത്തിലുള്ള അനേകം തോറ്റങ്ങൾ.

കേരളത്തിന്റെ ഏറ്റവും പ്രാചീനമായ അനുഷ്ഠാനകലാരൂപം മുടിയേറ്റാണ്. യുനെസ്കോ ഇപ്പോഴതിനെ അനശ്വരപൈതൃകമായി അംഗീകരിച്ചിട്ടുണ്ട്; യുനെസ്കോ അംഗീകരിച്ച മറ്റുരണ്ട് രൂപങ്ങൾ കൂടിയാട്ടവും വേദോച്ചാരണവുമാണ്; അനുഷ്ഠാനപ്രധാനങ്ങളാണ് ഇവ മൂന്നും. മുടിയേറ്റിൽ (അമ്മ, കാളി) രൗദ്രരൂപിണിയാണ്; കാളിയുടെ മറ്റൊരു രൂപമാണ് കൂളി. ചിരിയും കളിയും താലോലിക്കലുമൊക്കെ കൂളിക്ക് വിട്ടിരിക്കുന്നു. നാടിന്നാപത്തുവരുത്തുന്ന ദാരികനെ നിഗ്രഹിച്ച് നാട്ടിൽ ശാന്തി നിലനിർത്തുകയാണ് കാളിയുടെ ലക്ഷ്യം. പടയണിയിലും മറ്റനേകം രൂപങ്ങളിലും പ്രകടമാകുന്നത് മാതൃത്വത്തിന്റെ മുൻകരുതലുകളാണ്.

ഗ്രാമങ്ങൾ വിട്ട് രാജ്യം മുഴുവൻ അമ്മയുടെ കണ്ണെത്തുന്നുണ്ട്, കണ്ണകികഥയിൽ. വിന്ധ്യന് തെക്കുമുഴുവൻ പഴയ തമിഴകമായിരുന്നു. കോവിലൻകഥ ഇവിടമാകെ വ്യാപിച്ചിരിക്കുന്നു. കാവേരിപ്പൂമ്പട്ടണം (ആന്ധ്ര), മധുര (തമിഴ്നാട്), കൊടുങ്ങല്ലൂർ (കേരളം) എന്നീ മൂന്നു നഗരങ്ങളിലാണ് കഥ നടക്കുന്നത്. തന്റെ ഭർത്താവിനെ വധിച്ച അധികാരത്തെയാണ് കണ്ണകി കത്തിച്ചു ഭസ്മമാക്കുന്നത്. മുലപറിച്ചെറിയുന്ന രോഷാഗ്നി, മാതൃ

ത്വത്തിന്റേതാണ്. മുലയൂട്ടി വളർത്തി വലുതാക്കിയവനാണ് അധർമ്മം ചെയ്തത്. കൊടുങ്ങല്ലൂരമ്മയുടെ കോപം സ്ത്രീത്വത്തിന്റേത് മാത്രമല്ല, മാതൃത്വത്തിന്റേതുമാണ്.

തെയ്യങ്ങളും ഇക്കൂട്ടത്തിൽതന്നെ പെടുന്നു. ദൈവമാണ് തെയ്യമായത്. പരേതാത്മക്കളാണ് തെയ്യങ്ങളായി മാറുന്നത്, പലപ്പോഴും. ചിലപ്പോൾ ഇതിൽ പിതൃസ്മരണകളുണ്ടാകാം. എങ്കിലും അധികം കണ്ണകിയേപ്പോലെ പീഡനമേൽക്കേണ്ടിവന്നവരാണ്, നിഷ്കളങ്കകൾ, നിരപരാധികൾ. ജന്മിയുടെ കാലികളെ മേയ്ച്ചിരുന്ന ബാലനാണ് വിഷ്ണുമൂർത്തിത്തെയ്യമായി മാറിയത്. പെരിഞ്ചല്ലൂർ ഗ്രാമത്തിലെ നിഷ്കളങ്കയായൊരു ബ്രാഹ്മണകന്യകയാണ് മുച്ചിലോട്ട് ഭഗവതി ആയത്. കട്ടാങ്കോട്ട് മാക്കം പത്താങ്ങളമാരുടെ ഓമനപെങ്ങളായിരുന്നു. തോറ്റങ്ങളിലെ കഥകളെന്തായാലും തെയ്യങ്ങളിന്ന്, അമ്മദൈവങ്ങളെപ്പോലെ നാട്ടാരുടെ വേദനകൾ ശമിപ്പിച്ച് അവിലും മലരും നൽകി അവരെ അനുഗ്രഹിക്കുന്നു.

അമ്മയ്ക്കുമുണ്ട് നിസ്സഹായത. പുരുഷന്റെ അധീശത്വം മക്കളിൽ നിന്നവരെ അകറ്റി. വായുണ്ടെങ്കിൽ അവർ വളർന്നുകൊള്ളുമെന്നായിരുന്നു പുരുഷനീതി. വാത്സല്യത്തിന്റെ മുലചുരത്താതെ പന്ത്രണ്ടുമക്കളെയും വഴിയിൽ കളയേണ്ടിവന്ന അമ്മയുടെ നിസ്സഹായതയാണ് പറയിപെറ്റ പന്തിരുകുലത്തിന്റെ കഥ നമ്മോട് പറയുന്നത്. മുലപ്പാൽ കിട്ടിയില്ലെങ്കിലും മക്കൾ വളർന്നു. പല ജോലികൾ ചെയ്തു. അവരിൽ അഗ്നിഹോത്രിയുണ്ടായിരുന്നു, അലക്കുകാരനുണ്ടായിരുന്നു (രജകൻ), ആശാരിയുണ്ടായിരുന്നു (പെരുന്തച്ചൻ), പാട്ടുകാരനുണ്ടായിരുന്നു (പാണനാർ), മഹാബുദ്ധിമാനായ ഭ്രാന്തനുണ്ടായിരുന്നു (നാറാണത്ത് ഭ്രാന്തൻ), ഒരുമകളുമുണ്ടായിരുന്നു. മേൽകീഴ്ഭാഗങ്ങൾ മറന്ന് കൊല്ലത്തിലൊരിക്കൽ ഇവരെല്ലാം ഒന്നിച്ചുകൂടി ഒരമ്മയുടെ മക്കളാണെന്ന് ഓർത്ത് ആഹ്ളാദിക്കുന്നു. ആധുനികകേരളത്തിന്റെ വൈവിധ്യങ്ങളേയും വൈരുദ്ധ്യങ്ങളേയും കോർത്തിണക്കുന്ന സ്വർണ്ണനൂലാണ് ഈ ചിരന്തനസ്മൃതി. കാവുകളിൽനിന്ന് നാട്ടിലേയ്ക്കും നഗരങ്ങളിലേയ്ക്കും പടർന്നുകയറിയ മാതൃസ്മൃതികളാണ്, ഒരർത്ഥത്തിൽ, നമ്മുടെ അനുഷ്ഠാനകലകളുടെ അന്തസ്സത്ത. പലതരത്തിലുള്ള അവയുടെ ആവിഷ്കരണങ്ങൾ ഈ ആചാരങ്ങളിൽ ഒളിഞ്ഞുകിടക്കുന്നു.

ദൃശ്യരൂപങ്ങളെ മാത്രമല്ല, ദേവായതനങ്ങൾ വളർത്തിയത്. കിടയറ്റ നാദപ്രപഞ്ചമൊരുക്കുന്ന വാദ്യമേളങ്ങൾ, താളലയസ്ഥിതികളിൽ എല്ലാരൂപങ്ങൾക്കും അന്തഃസ്ഥായിയായി വർത്തിക്കുന്ന സംഗീതം – ഇവയെല്ലാം അനുഷ്ഠാനരൂപങ്ങൾതന്നെയാണ്.

പൂർണ്ണതയിലേയ്ക്കുള്ള പ്രയാണമെന്ന് കലയെ ആദ്യമേ നിർവചിച്ചല്ലോ. രണ്ടുതരത്തിലാണ് അനുഷ്ഠാനകലകൾ ഈ കൃത്യം നിർവഹിക്കുന്നത്. ഒന്ന്, ഭക്തി, മറ്റൊന്നു സമർപ്പണം. ഇവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. നാട്ടിൽ പ്രഭുവായി, സമസ്തവും തന്റെ കാൽക്കീഴിലെന്ന് ധരിച്ച് തലവെട്ടിച്ച് നടക്കുന്നവൻ ആരാധനയ്ക്കെത്തുമ്പോ

ഴാണ് മഹാകാലപ്രപഞ്ചത്തിൽ താനൊരു അണുപോലുമല്ലെന്ന് തിരിച്ചറിയുന്നത്. അഹംകൃതിയുടെ നിരാസമാണ് ഭക്തി. അതാണ് സമർപ്പണത്തിലേയ്ക്ക് നയിക്കുന്നത്. കഥകളിവിദ്യാർത്ഥിയെ കളരിയിൽ ആദ്യം പഠിപ്പിക്കുന്നത് 'താണുനിൽക്കാ' നാണ്. ഭക്തി, പ്രാഥമികതലത്തിൽ, വിമോചകമാണ്. ഏഴകളായ ബഹുശതം വരുന്ന സമൂഹത്തിലെ അധഃകൃതർക്ക് തങ്ങളും മനുഷ്യരാണെന്ന ബോധമുണ്ടാക്കിയത് ഭക്തി പ്രസ്ഥാനമാണ്. എഴുത്തച്ഛനും കബീറും സൂർദാസുമൊക്കെ കീഴാളവർഗ്ഗത്തിൽപെട്ട വരായിരുന്നു. ഈശ്വരൻ തങ്ങളുടേതുകൂടിയാണെന്ന് സ്ഥാപിക്കുകയാണ് സ്വന്തം കൃതികളിലൂടെ അവർ ചെയ്തത്. കേരളത്തിൽ ക്ഷേത്രപ്രവേശനം നവോത്ഥാനത്തിന്റെ ഭാഗമായതിന്റെ പശ്ചാത്തലമിതാണ്. മറ്റുകലാരൂപങ്ങളിൽനിന്ന് അനുഷ്ഠാനകലകളെ വ്യതിരിക്തമാകുന്ന ധർമ്മമിതാണ് - കാഴ്ചകളാണ് ഇതരകലകൾ; കാണിക്കയാണ് അനുഷ്ഠാനകലകൾ. ദേവനുള്ള നിവേദ്യമാണത്. അവിടെ പ്രേക്ഷകരില്ല, പ്രതിഷ്ഠ മാത്രം; അകത്തും പുറത്തും.

അനുഷ്ഠാനകലകൾ ആധുനികകാലത്ത് കാഴ്ചകളായി മാറുന്നുണ്ട്. അതുനല്ലതാണ്. സോപാനത്തിൽ കൊട്ടിപ്പാടുന്നത് തേവർ കേൾക്കാനാണ്; എന്നാൽ മറ്റുചിലർ അതു കേൾക്കുകയും അഭിനന്ദിക്കുകയും ചെയ്യുമ്പോൾ കലാകാരൻ കൂടുതൽ കൃതകൃത്യനാകും. പുതിയ കേൾവിക്കാർക്കുവേണ്ടി പുറത്തുവെച്ച് പാടാൻ തുടങ്ങും. സോപാന സംഗീതത്തിന് കൊട്ടിപ്പാടലിനപ്പുറമൊരു ഇടം സമൂഹത്തിൽ ലഭിക്കും. വാദ്യമേളങ്ങളിലെല്ലാം ഇത്തരം ഗുണപരമായൊരു തറമാറ്റം വന്നുകൊണ്ടിരിക്കുന്നു; അത് ആശാസ്യവുമാണ്, മൂലം മറക്കാതിരിക്കുന്ന കാലത്തോളം.

നങ്ങ്യാർകൂത്താണ് മറ്റൊരുദാഹരണം. അടുത്തകാലത്തുവരെ കേവലമടിയന്തിരമായിട്ടാണ് നങ്ങ്യാർകൂത്തവതരിപ്പിച്ചിരുന്നത്. ഇപ്പോൾ പൊതുവേദിയിൽ ആകർഷകമായ രീതിയിൽ അതവതരിപ്പിച്ചുവരുന്നു. മുടിയേറ്റ് മറ്റൊരുദാഹരണം. യുനെസ്കോയുടെ അംഗീകാരത്തിന് ശേഷം പലപ്പോഴും പൊതുവേദികളിൽ മുടിയേറ്റ് അവതരിപ്പിക്കാറുണ്ട്. ഇത്തരത്തിൽ അനുഷ്ഠാനകലകൾക്ക് സമൂഹത്തിൽ കൂടുതൽ അംഗീകാരവും സ്വീകാര്യതയും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

ഓർക്കേണ്ട ഒരുകാര്യം, ഇത്തരം കരലാളനങ്ങളേൽക്കാൻ ഭാഗ്യം ലഭിക്കാത്ത ഒട്ടേറെ അനുഷ്ഠാനരൂപങ്ങൾ ഉണ്ട് എന്നതാണ്. സർപ്പപ്പാട്ട്, മണ്ണാൻപ്പാട്ട്, നങ്ങ്യാർകളി തുടങ്ങി അനേകം അനുഷ്ഠാനരൂപങ്ങൾ ഇന്ന് നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. കലാകാരന്മാരുടെ അർപ്പണബോധം ഒന്നുകൊണ്ടുമാത്രമാണ്, അവ പൂർണ്ണമായും നശിക്കാതിരിക്കുന്നത്. അനുഷ്ഠാനകലകളെ ഓർക്കുമ്പോൾ, നൂറ്റാണ്ടുകളായി കഷ്ടപ്പെട്ട് അവ നിലനിർത്തിയ അനുഷ്ഠാന കലാകാരന്മാരെയാണ് ആദ്യം വണങ്ങേണ്ടത്. മാറിയ സാഹചര്യത്തിൽ കലാകാരന്മാർക്കും അവർക്കു ലഭിക്കുന്ന ശിക്ഷണത്തിനും മാറ്റം

വന്നിട്ടുണ്ട്. അനുഷ്ഠാനകലകൾക്ക് കാഴ്ചക്കലകൾ കൂടിയായി മാറാൻ കഴിഞ്ഞാലേ ആധുനികകാലത്ത് നിലനിൽക്കാൻ കഴിയൂ. ഇത്തരമൊരു മാറ്റം മിക്കരൂപങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ രൂപപരിണാമത്തിനിടയിൽ അവയുടെ തനിമ നില നിർത്താൻ ശ്രമിക്കേണ്ടത് അതത് രൂപങ്ങൾ കൈകാര്യം ചെയ്യുന്ന കലാകാരന്മാരാണ്. കാലത്തിനൊത്ത് കോലംകെട്ടുമ്പോൾ കോലം കെടാതെ നോക്കേണ്ടത് കലാകാര ന്മാരാണ്. ശ്രദ്ധാപൂർവം അത് ചെയ്താൽ അനുഷ്ഠാനരൂപങ്ങൾ ആകർഷകങ്ങളായി നിലനിൽക്കും.

അനുഷ്ഠാനകലകളും സുകുമാരകലകളും തമ്മിലുള്ള ഭേദമിതാണ് : ആദ്യത്തേത് മൂർത്തിക്കുള്ള ഭക്തന്റെ ഉപാസനയാണ്, രണ്ടാമത്തേത് സദസ്സിന് വേണ്ടി കലാകാ രന്റെ ആവിഷ്കാരമാണ്. അനുഷ്ഠാനകലകൾ കാലഗതിക്കൊത്ത് സുകുമാരകലക ളായി മാറിക്കൊണ്ടിരിക്കുന്നു. അവ ചിലപ്പോൾ അനുഷ്ഠാനസ്വഭാവം നിലനിർത്തി യെന്നുവരാം, സോപാനസംഗീതംപോലെ; ചിലവ സൗന്ദര്യാംശം മാത്രം നിലനിർത്താം. നങ്ങ്യാർകൂത്താണ് അവസാനത്തേതിന് പറ്റിയ ഉദാഹരണം.

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാ ചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാ ശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.